കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ ഹിയറിംഗ് നടത്തിയതിനു ശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനു മുമ്പോ കർഷകരിൽനിന്ന് സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ലഭിക്കാനുള്ള ബാദ്ധ്യതകളാണ് കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നത്. 2011-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ തുടർച്ചയായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വയനാട് ജില്ലയിലെ കരഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൃഷി പ്രോത്സാഹിപ്പിക്കാൻ സഹായകരമാണ്. എന്നാൽ, കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നില്ല.

(സി) കർഷകർ കാർഷികാനുബന്ധ വണിജ്യാവശ്യങ്ങൾക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോവേണ്ടി വാങ്ങിയതൊഴികെയുള്ള ഏതൊരു തുകയും 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ടിലെ കടം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ അവ കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം കാർഷിക കടം പൂർണ്ണമായി എഴുതിത്തള്ളുന്നില്ല. ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി കർഷകർക്ക് കടാശ്വാസം നൽകുകയാണ് ചെയ്യുന്നത്. 4 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമി കൈവശം വച്ചിരിക്കുകയും 2 ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാന മുള്ളതും കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതുമായ ഒരാൾക്കാണ് ആക്ട് പ്രകാരം കടാശ്വാസത്തിന് അർഹതയുള്ളത്.

കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

176 (1546) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ശക്തമായ മഴയിലും കാറ്റിലുംപെട്ട് എത്ര കോടി രൂപയുടെ കൃഷിനാശം സംസ്ഥാനത്തൊട്ടാകെ ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ, നെൽകൃഷി, നേന്ത്രവാഴകൃഷി, പച്ചക്കറികൃഷി ഇവ ഓരോന്നിന്റെയും നാശനഷ്ടം പ്രത്യേകം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശക്തമായ കാറ്റിലും മഴയിലും സംസ്ഥാനത്തൊട്ടാകെ നടപ്പുവർഷം 64,28,94,439 രൂപയുടെ കൃഷിനാശം ഉണ്ടായതായി പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കുന്നു.

(ബി) നേന്ത്രവാഴക്കൃഷിയിൽ 28,06,42,640 രൂപയുടെയും നെൽകൃഷിയിൽ 3,13,55,000 രൂപയുടെയും പച്ചക്കറി കൃഷിയിൽ 2,95,86,000 രൂപയുടെയും പ്രാഥമിക നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ 10 ദിവസത്തിനകം കൃഷിഭവനിൽ സ്വീകരിക്കുകയും സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി കൃഷിനാശം തിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആയത് പ്രകാരം തയ്യാറാക്കുന്ന ക്ലെയിം പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നു. പ്രസ്തുത ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകാൻ കഴിയുന്നതാണ്.

റബ്ബറിന് താങ്ങുവില

177 (1547) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബറിന് താങ്ങുവില നൽകി എത്ര ടൺ റബ്ബറാണ് കഴിഞ്ഞ മൂന്നു വർഷം സംഭരിച്ചതെന്ന് വ്യക്തമാക്കാമോ ; സർക്കാർ പ്രഖ്യാപിച്ച താങ്ങുവില എത്രയാണ് ; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം

852/2017.

LIBRARY ARCHIVES Kerala Legislative Assembly